ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക സമാധാനത്തിനും ഐക്യത്തിനുമായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that India stands for world peace and unity.**

2. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ന്യൂഡൽഹിയിൽ.

   **Prime Minister of New Zealand Christopher Luxon arrived in New Delhi on a five day visit to India.**

3. പത്താമത് റൈസീന സംഭാഷണത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദിയും, ന്യൂസിലൻഡ് പ്രധാനമന്ത്രിയും പങ്കെടുക്കും.

   **The 10th Raisina Dialogue will begin tomorrow. Prime Minister Narendra Modi and the Prime Minister of New Zealand will participate.**

4. ബോഡോ ലാൻറ് മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Union Home Minister Amit Shah has said that the union government is committed to the development of the Bodoland region.**

5. കേരളത്തിലെ ലഹരിവ്യാപനം ചെറുക്കുന്നതിനായി ഉന്നതതല യോഗം വിളിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan has called a high-level meeting to combat the spread of drug use in Kerala.**

6. അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് T-20 ഫൈനലിൽ ഇന്ത്യയ്ക്കെതിരെ വെസ്റ്റ് ഇൻഡീസ് ബാറ്റിംഗ് തെരഞ്ഞെടുത്തു.

**West Indies chose to bat against India in the International Masters League T-20 final.**

**&&&&&&&&&&&&&**

## HEADLINE 3

## PM - RAISINA DIALOGUE

ഈ വർഷത്തെ റൈസീന സംഭാഷണത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി, ഉദ്ഘാടനം ചെയ്യും. ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും. ബുധനാഴ്ച്ച വരെ തുടരുന്ന റൈസീന സംഭാഷണത്തിന്റെ പത്താം പതിപ്പിൽ ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തികരംഗം എന്നീ മേഖലകളിലെ സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. കേന്ദ്ര വിദേശകാര്യമന്ത്രാലയം, ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**&&&&&&&&&&&&&**

## HEADLINE 1

## PM PODCAST-INTRO

ലോക സമാധാനത്തിനും ഐക്യത്തിനുമായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗൗതമ ബുദ്ധന്റെയും മഹാത്മാഗാന്ധിയുടെയും നാടായതിനാൽ സമാധാനത്തെക്കുറിച്ചുള്ള ഇന്ത്യയുടെ വാക്കുകൾ ലോകം ശ്രദ്ധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രശസ്ത പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ് മാൻ നടത്തിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഇരു കക്ഷികളും ഉൾപ്പെട്ട ചർച്ചകളിലൂടെ മാത്രമേ റഷ്യ-യുക്രെയ്ൻ സംഘർഷം പരിഹരിക്കാൻ കഴിയൂ എന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇന്ത്യ-ചൈന ബന്ധം പുരാതനമാണെന്നും ഇരു രാജ്യങ്ങളും തമ്മിൽ ശക്തമായ സഹകരണം തുടരണമെന്നാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

## HEADLINE 2

## NEWZELAND PM - INDIA

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ന്യൂഡൽഹിയിൽ എത്തി. കേന്ദ്ര സഹമന്ത്രി എസ് പി സിംഗ് ബാഘേലിൻറെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ബിസിനസുകാർ, എന്നിവരുൾപ്പെട്ട ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്. ഇന്ത്യ-ന്യൂസിലൻഡ് ബന്ധങ്ങളുടെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. നാളെ രാഷ്ട്രപതി ദ്രൗപദി

മുർമുവിനെയും അദ്ദേഹം സന്ദർശിക്കും. തുടർന്ന് മുംബൈ സന്ദർശിക്കുന്ന പ്രധാനമന്ത്രി ലക്സൺ ബിസിനസ്സ് നേതൃത്വവുമായി ആശയവിനിമയം നടത്തും.

&&&&&&&&&&&&&

## DELHI- MLAs ORIENTATION PROGRAM

ഡൽഹി നിയമസഭ അംഗങ്ങളുടെ രണ്ടു ദിവസത്തെ പരിശീലന പരിപാടിക്ക് ചൊവ്വാഴ്ച തുടക്കമാകും. ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്യും. എംഎൽഎമാരുടെ നിയമനിർമ്മാണ പാടവം ശക്തിപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് ഡൽഹി നിയമസഭാ സ്പീക്കർ വിജേന്ദർ ഗുപ്ത പറഞ്ഞു.

&&&&&&&&&&&&&

## INDIA NEW ZEALAND FTA

സമഗ്രവും,പരസ്പരം ഗുണം ചെയ്യുന്നതുമായ സ്വതന്ത്ര വ്യാപാര കരാർ ലക്ഷ്യമിട്ടുള്ള ചർച്ചകൾക്ക് തുടക്കമിട്ട് ഇന്ത്യയും ന്യൂസിലാൻഡും. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ, ന്യൂസിലാൻഡ് വ്യാപാര മന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്നാണ് ഈ നീക്കം. വിപണി പ്രവേശ സാദ്ധ്യതകൾ മെച്ചപ്പെടുത്തുക, വിതരണ ശൃംഖലാ ഏകീകരണം വർധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടാകും ചർച്ചകൾ നടക്കുകയെന്ന് കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&

## PM - RESERVE BANK OF INDIA

ലണ്ടൻ ആസ്ഥാനമായ സെൻട്രൽ ബാങ്കിങ് പബ്ലിക്കേഷൻ നൽകുന്ന ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ

അവാർഡ് 2025 നേടിയ റിസേർവ് ബാങ്കിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി . ഭരണത്തിലെ നവീകരണത്തിനും കാര്യക്ഷമതയ്ക്കും നൽകുന്ന ഊന്നലാണ് ഈ നേട്ടം പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു .

**&&&&&&&&&&&&&**

## HEADLINE 5

## CM MEETING AGAINST DRUGS

കേരളത്തിലെ ലഹരിവ്യാപനം ചെറുക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതതല യോഗം വിളിച്ചു. ഈ മാസം 24 ന് തിരുവനന്തപുരത്താണ് യോഗം. പൊലീസ്, എക്സൈസ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ പങ്കെടുക്കും. സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനും തുടർ നടപടികളും യോഗം ചർച്ച ചെയ്യും.

**&&&&&&&&&&&&&**

## HEADLINE 4

## AMIT SHAH- ASSAM-VOICE

ബോഡോ ലാൻറ് മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ബോഡോ സ്റ്റുഡന്റ്സ് യൂണിയന്റെ വാർഷിക സമ്മേളനത്തെ അസമിലെ കൊഖ്റജാറിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബോഡോ ഉടമ്പടിയിലെ 82 ശതമാനം വാഗ്ദാനങ്ങളും പൂർത്തീകരിച്ചതായി അഭിപ്രായപ്പെട്ട അദ്ദേഹം, മേഖലയിലെ യുവാക്കൾ ഇപ്പോൾ വികസനത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

ന്യൂഡൽഹിയിലേയ്ക്ക് തിരിക്കുന്നതിന് മുമ്പ് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകന യോഗത്തിലും അദ്ദേഹം പങ്കെടുത്തു.

&&&&&&&&&&&&&

## HM - DRUG CARTEL

ഇംഫാൽ, ഗുവാഹത്തി മേഖലകളിൽ നിന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ 88 കോടി രൂപ വിലമതിക്കുന്ന മെത്താംഫെറ്റാമൈൻ ഗുളികകൾ പിടികൂടി. അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തിലുൾപ്പെട്ട നാലു പേരെ അറസ്റ്റ് ചെയ്തു. മയക്കുമരുന്ന് രഹിത ഭാരതം കെട്ടിപ്പടുക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

&&&&&&&&&&&&&

## PAKISTAN ARMY ATTACKED

ബലൂചിസ്ഥാൻ പ്രവിശ്യയിലെ നോഷ്കിയിൽ സൈനിക വ്യൂഹത്തിന് നേരെയുണ്ടായ ആക്രമണത്തിൽ 12 പാകിസ്ഥാൻ സൈനികർ കൊല്ലപ്പെടുകയും 26 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ബലൂച് ലിബറേഷൻ ആർമി ഏറ്റെടുത്തു. 90 ലേറെ പേരെ വധിച്ചതായി ബിഎൽഎ അവകാശപ്പെട്ടെങ്കിലും സംഭവത്തിൽ പാകിസ്ഥാൻ ഭരണകൂടം ഇതുവരെ പ്രതികരിച്ചിട്ടില്ല.

&&&&&&&&&&&&&

## ABU QATAL- KILLED

ലഷ്കർ-ഇ-തൊയ്ബ ഭീകരൻ അബു ഖതൽ അജ്ഞാതരുടെ വെടിയേറ്റ് കൊല്ലപ്പെട്ടു. ഖതൽ സിന്ധി എന്നറിയപ്പെടുന്ന ഇയാൾക്ക് നേരെ പാകിസ്ഥാനിലെ ഝലം സിന്ധ് മേഖലയിൽ വച്ച് ആക്രമണമുണ്ടാവുകയായിരുന്നു. ജമ്മു കശ്മീരിൽ ഉൾപ്പടെ നിരവധി ആക്രമണങ്ങളുടെ ആസൂത്രകനായിരുന്ന അബു ഖതൽ, ഭീകരൻ ഹാഫിസ് സയീദിന്റെ അടുത്ത സഹായിയായിരുന്നു.

&&&&&&&&&&&&&

## HEADLINE 6

## MASTERS LEAGUE T20 - FINAL

അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് T-20 പരമ്പരയിലെ കലാശപ്പോരാട്ടത്തിൽ ഇന്ത്യയ്ക്കെതിരെ വെസ്റ്റ് ഇൻഡീസ് ബാറ്റിംഗ് തെരഞ്ഞെടുത്തു. ബ്രയാൻ ലാറയാണ് വെസ്റ്റ് ഇൻഡീസിൻറെ നായകൻ. സച്ചിൻ ടെൻഡുൽക്കറാണ് ഇന്ത്യയെ നയിക്കുന്നത്. റായ്പൂരിലെ ശഹീദ് വീർ നാരായൺ സിങ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് കളി.

&&&&&&&&&&&&&

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനൽ മത്സരം ഏപ്രിൽ 12 ന് നടക്കും. വേദി പിന്നീട് തീരുമാനിക്കും. ഈ മാസം 29 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ മുംബൈ സിറ്റി എഫ് സി - ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&

## KERALA AWARDS

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ നാളെ ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് 2024 ലെ കേരള പുരസ്കാരങ്ങൾ നൽകുക. കേരള ജ്യോതി പുരസ്കാരത്തിന് എം കെ സാനുവാണ് അർഹനായിരിക്കുന്നത്.

&&&&&&&&&&&&&

## IDUKKI- A K SASEENDRAN

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ മയക്കുവെടി വെച്ച് പിടികൂടാനുള്ള ദൗത്യവുമായി മുൻപോട്ട് പോകുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വനം വകുപ്പിന്റെ പ്രവർത്തങ്ങളിൽ പ്രദേശവാസികൾ സഹകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. അതേസമയം കടുവയെ മയക്കുവെടി വയ്ക്കുവാൻ ഉള്ള ദൗത്യം നാളെയും തുടരും.

&&&&&&&&&&&&&

## MACEDONIA FIRE

വടക്കൻ മാസിഡോണിയയിലെ നിശാക്ലബിൽ ഉണ്ടായ തീപിടുത്തത്തിൽ അൻപതിലേറെ പേർ മരിക്കുകയും 100 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 1,500 ഓളം പേർ പങ്കെടുത്ത സംഗീത പരിപാടിക്കിടെയാണ് അപകടമുണ്ടായത്. പരിപാടിക്കിടെ കരിമരുന്ന് പ്രയോഗിച്ചപ്പോൾ തീപ്പൊരി വീണതാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

&&&&&&&&&&&&&

## SPACE-X - CREW 10 MISSION

സ്പേസ് എക്സിന്റെ Crew-10 ദൗത്യം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ വിജയകരമായി ഡോക്ക് ചെയ്തു. യു എസ് ബഹിരാകാശ ഏജൻസിയായ നാസ, ജപ്പാൻ ബഹിരാകാശ ഏജൻസി, റോസ്കോസ്മോസ് എന്നിവയിൽ നിന്നുള്ള നാല് സഞ്ചാരികൾ ദൗത്യത്തിന്റെ ഭാഗമായി നിലയത്തിൽ എത്തി. കഴിഞ്ഞ 9 മാസമായി ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന സുനിത വില്യംസ്, ബുച്ച് വിൽമോർ എന്നിവർക്ക് ബുധനാഴ്ച്ചയോടെ ഭൂമിയിലേക്ക് മടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&

## ASHA WORKERS-STRIKE

സെക്രട്ടറിയേറ്റിന് മുന്നിൽ ആശാ പ്രവർത്തകർ നടത്തുന്ന രാപകൽ സമരത്തിന്റെ തുടർച്ചയായി, നാളെ സെക്രട്ടറിയേറ്റ് ഉപരോധിക്കുമെന്ന് സമരക്കാർ അറിയിച്ചു. അതേസമയം, നാളെ ആശ പ്രവർത്തകർക്ക് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ, പാലിയേറ്റീവ് കെയർ ഗ്രിഡ് എന്നിവയെ സംബന്ധിച്ച പരിശീലനം നല്കാൻ ആരോഗ്യവകുപ്പ് ജില്ലാ പ്രോഗ്രാം മാനേജർ മുഖേന നോട്ടീസ് നൽകി.

&&&&&&&&&&&&&

## WEATHER -KERALA

സംസ്ഥാനത്ത് ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് ഇന്ന് മഞ്ഞ ജാഗ്രതാ

നിർദ്ദേശം. അതേസമയം വയനാട് ഒഴികെയുള്ള ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വരും മണിക്കൂറിൽ നേരിയ, ഇടത്തരം മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

**&&&&&&&&&&&&&**

**&&&&&&&&&**

**&&&**